# Official Spokesperson's response to a query about an OIC statement on the unfortunate incident in the Indian State of Assam

October 08, 2021

---

## ഇന്ത്യൻ സംസ്ഥാനമായ അസമിലെ നിർഭാഗ്യകരമായ സംഭവത്തെക്കുറിച്ചുള്ള ഒഐസി പ്രസ്താവനയെ സംബന്ധിച്ച അന്വേഷണത്തിന് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഒക്ടോബർ 08, 2021

**“ഇന്ത്യൻ സംസ്ഥാനമായ അസമിലെ നിർഭാഗ്യകരമായ സംഭവത്തെക്കുറിച്ച് ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോഓപ്പറേഷൻ (ഒഐസി) നടത്തിയ പ്രസ്താവന സംബന്ധിച്ച അന്വേഷണത്തിന് ഔദ്യോഗിക വക്താവ് ശ്രീ അരിന്ദാംബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.**

ഇന്ത്യൻ സംസ്ഥാനമായ അസാമിലെ നിർഭാഗ്യകരമായ സംഭവത്തെക്കുറിച്ച് വസ്തുതയ്ക്ക് നിരക്കാത്തതും തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവന പുറപ്പെടുവിച്ചുകൊണ്ട്, ഇസ്ലാമിക് കോഓപ്പറേഷൻ ഓർഗനൈസേഷൻ (ഒഐസി) ഒരിക്കൽ കൂടി ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ അഭിപ്രായം പറയാൻ തിരഞ്ഞെടുത്തതിൽ, ഇന്ത്യ അതിയായ ഖേദം രേഖപ്പെടുത്തുകയാണ്. ഇന്ത്യൻ അധികാരികൾ ഇക്കാര്യത്തിൽ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ ഒഐസിക്ക് യാതൊരു സ്ഥാനവുമില്ലെന്നും സ്ഥാപിത താൽപ്പര്യങ്ങൾക്ക് വേണ്ടി തങ്ങളുടെ വേദി അട്ടിമറിക്കാൻ അത് അനുവദിക്കരുതെന്നും ആവർത്തിക്കുകയാണ്.ഇന്ത്യൻ ഭരണകൂടം ഇത്തരം അനാവശ്യ പ്രസ്താവനകളെ നിരസിക്കുകയാണ്, ഭാവിയിൽ അത്തരം പരാമർശങ്ങളൊന്നും ഉണ്ടാകില്ലെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂ ഡൽഹി**
**ഒക്ടോബർ 08, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.